**മഹാത്മാഗാന്ധി സർവ്വകലാശാല**

**(സംഗ്രഹം)**

ജീവനക്കാര്യം: അസിസ്റ്റന്റ് തസ്തികയിലേക്ക് അന്തർ സർവ്വകലാശാല സ്ഥലംമാറ്റം - കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശ്ശൂർ - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഭരണവിഭാഗം എ1 സെക്ഷൻ

നം. 5708/എ1/1/2017/ഭരണവിഭാഗം തീയതി, പ്രിയദർശിനി ഹിൽസ്, 23.09.2017

---

സൂചന: 1. കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാറുടെ 02.06.2017ലെ 12059/2016/അഡ്മിൻ എ-1/കേ.ആ.സ(2) നമ്പർ കത്ത്.

2. 16.09.2017ലെ സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിറ്റ്സ് (ഇനം നമ്പർ O.A.8/17.12)

**<u>ഉത്തരവ്</u>**

സൂചന (1) കത്ത് പ്രകാരം കേരള ആര്യോഗ്യ ശാസ്ത്ര സർവ്വകലാശാല രജിസ്ട്രാർ, ആ സർവ്വകലാശാല ആക്ടും സ്റ്റാറ്റ്യൂട്ടും പ്രകാരം മുഴുവൻ അനദ്ധ്യാപക നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന മാത്രമേ നടപ്പിലാക്കാനാവുകയുള്ളൂ എന്നും അന്തർസർവ്വകലാശാലാ സ്ഥലംമാറ്റം നടത്തുമ്പോൾ പകരം പി.എസ്.സി. മുഖേന നിയമിച്ച അസിസ്റ്റന്റുമാരെ മാത്രം പരിഗണിച്ചാൽ മതിയെന്ന് ഗവേണിംഗ് കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ടെന്നും അറിയിച്ചിരുന്നു. അതിൻപ്രകാരം പി.എസ്.സി. മുഖേന ആ സർവ്വകലാശാലയിൽ നിയമിതരായ 4 അസിസ്റ്റന്റുമാരുടെ പട്ടിക അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതിനായി ഈ സർവ്വകലാശാലയിലേയ്ക്ക് അയച്ചുനൽകുകയും ചെയ്തു.

കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ ടി തീരുമാനത്തെ ചോദ്യം ചെയ്തുകൊണ്ട് കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ചില ജീവനക്കാർ കേരള ഹൈക്കോടതിയിൽ 25357/2017 നമ്പർ ഹർജിയും ഈ സർവ്വകലാശാലയിലെ ഷെയാബ് കെ എയും മറ്റും 25760/2017 നമ്പർ ഹർജിയും ഫയൽ ചെയ്തിരുന്നു. ആയതിൽ ആദ്യം സൂചിപ്പിച്ച റിട്ട് ഹർജിയിൽ ആരോഗ്യ സർവ്വകലാശാലയുടെ തീരുമാനത്തിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും ആ ഉത്തരവ് 04.08.2017ൽ പിൻവലിക്കുകയും ഉണ്ടായി. രണ്ടാമത് സൂചിപ്പിച്ച കേസിൽ താൽക്കാലിക ഉത്തരവിന് അപേക്ഷിച്ചിരുന്നു എങ്കിലും ആയത് അനുവദിച്ചുമില്ല.

മേൽ സൂചിപ്പിച്ച സാഹചര്യത്തിൽ ടി വിഷയം നിയമോപദേശത്തിന് നൽകുകയും കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല കൗൺസിൽ തീരുമാനം നിലനിൽക്കുന്നതിനാൽ ആ സർവ്വകലാശാലയിലേക്ക് ടി തീരുമാനപ്രകാരം മാത്രമേ ഉഭയസമ്മതപ്രകാരമുള്ള ട്രാൻസ്ഫർ നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് നിയമോപദേശം ലഭിക്കുകയും ചെയ്തു.

ടി വിഷയം 15.09.2017ലെ വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 2017 സെപ്തംബർ 16-ാം തീയതി ഇനം നമ്പർ O.A.8/17.12 പ്രകാരം, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലെ മുഴുവൻ അനദ്ധ്യാപക നിയമനങ്ങളും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയായതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമിക്കപ്പെട്ടവരെ മാത്രമേ അന്തർ സർവ്വകലാശാല സ്ഥലം മാറ്റത്തിന് ഉൾപ്പെടുത്തുവാൻ പാടുള്ളൂ എന്ന കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയുടെ 12.04.2017-നു ചേർന്ന 38-ാമത് ഗവേണിംഗ് കൗൺസിൽ തീരുമാനമുള്ളതിനാൽ കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാലയിലേക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിന്നും അന്തർ സർവ്വകലാശാല സ്ഥലംമാറ്റത്തിനുള്ള പട്ടികയിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സർവ്വകലാശാലയിൽ നിയമിതരായവരെ മാത്രം പരിഗണിച്ചാൽ മതിയെന്ന്, സിൻഡിക്കേറ്റ് തീരുമാനിക്കുകയും ചെയ്തു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
ശ്രീലത എൻ.
അസിസ്റ്റന്റ് രജിസ്ട്രാർ-1 (ഭരണവിഭാഗം)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി/പ്രോ-വൈസ് ചാൻസിലറുടെ പ്രൈവറ്റ് സെക്രട്ടറി
2. രജിസ്ട്രാർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ. മാർ
3. അസിസ്റ്റന്റ് രജിസ്ട്രാർ / ഡെപ്യൂട്ടി രജിസ്ട്രാർ / ജോയിന്റ് രജിസ്ട്രാർ (ഭരണവിഭാഗം / പരീക്ഷാ വിഭാഗം / അക്കാദമികം / ധനകാര്യം)
4. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
5. എസി.സി സെക്ഷൻ / ലീഗൽ സെക്ഷൻ
6. സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ / ഐ.ക്യു.എ.സി.
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

റഫറൻസ്: ഫയൽ നം. എഡി.എ1-1-197(8)/2017